സെയിൽസ് ടാക്സ് അപ്പീലുകൾ.

* 1395. [21] ശ്രീ. ഇ. പി. ഇയ്യപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവണ്മെൻറിൻെറ പ്രത്യേക നിർദ്ദേശത്തിനുശേഷവും ചില സെയിൽസ് ടാക്സ് അപ്പീലുകൾ വിചാരണ നടത്താതെ ഇരിക്കുന്നതായി ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിൻെറ കാരണം എന്താണ് ;

(സി) വിചാരണ നടത്തിയ ചില അപ്പീൽ കേസ്സുകൾ part heard ആണെന്നുള്ള മുടന്തൻ ന്യായത്തിൽ കേസ്സുകൾ തീരുമാനം എടുക്കാതെ അസ്സസ്സീസിനെ മനഃപൂർവ്വം ഉപദ്രവിക്കുന്നതായി ഗവണ്മെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇതിൻെറ കാരണക്കാരായ ഉദ്യോഗസ്ഥന്മാരെ എത്ര ഉന്നതന്മാരായാലും മാതൃകാപരമായി ശിക്ഷിക്കുവാൻ ഗവണ്മെൻറിനു ഭയവുണ്ടാകുമോ ?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ):

(എ) ഇല്ല.

(ബി) മുകളിൽ പറഞ്ഞ ഉത്തരത്തിൻെറ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

(സി) ഇല്ല.

(ഡി) (സി).യുടെ ഉത്തരത്തിൻെറ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ഇ. പി. ഇയ്യപ്പൻ : വളരെ വ്യക്തമായ ഉദാഹരണങ്ങൾ ചൂണ്ടിക്കാണിച്ചുതന്നാൽ ആ ഉദ്യോഗസ്ഥന്മാരെ മാതൃകാപരമായി ശിക്ഷിക്കുവാൻ ഭയമുണ്ടാകുമോ എന്നാണ് ചോദ്യം. അതിനു് ഇല്ലെന്നാണ് മറുപടി.

ശ്രീ. സി. അച്യുതമേനോൻ : അങ്ങനെയുള്ള ഉദാഹരണങ്ങൾ ഗവണ്മെൻറിൻെറ മുമ്പിൽ ഇല്ലെന്നാണ് പറഞ്ഞതു്. വ്യക്തമായ ഉദാഹരണങ്ങൾ ചൂണ്ടിക്കാണിച്ചുതന്നാൽ വേണ്ട നടപടിയെടുക്കാം.

## *Wild Life Sanctuary.*

* 1396. [23] †ശ്രീ. സി. കെ. നാരായണൻകുട്ടി: താഴെ കാണുന്ന ചോദ്യത്തിനു് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മലമ്പുഴയിൽ ഒരു wild life sanctuary ഉടനുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോർജ്ജു്) : ഇല്ല.

റബ്ബർക്കൃഷി.

* 1397. [24] ശ്രീ. എൻ. രാജഗോപാലൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും വനവുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനാപുരം, കൊട്ടാരക്കര എന്നീ താലൂക്കുകളിൽ പുതുതായി റബ്ബർക്കൃഷി നടത്താൻ സ്ഥലങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ടു് നിവേദനങ്ങൾ കിട്ടിയോ ;

† As the member was absent the question was put by Shri T. C. Narayanan Nambiar with the permission of the Chair.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മൂന്നിക്കാണിച്ച സ്ഥലങ്ങളും റബ്ബർക്കൃഷിക്ക് കൊള്ളാവുന്നവയാണെന്നും റബ്ബർബോർഡും അഭിപ്രായപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഗവണ്മെൻറിൻറെ പക്കൽ ആ അഭിപ്രായം എന്നും എത്തി ;

(ഡി) അതിനശേഷം എന്തു നടപടി ഗവണ്മെൻറ് നടത്തി ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോർജ്ജ്) :

(എ—ഡി) ഇതിനാവശ്യമായ വിവരങ്ങളും ശേഖരിക്കുന്നതിനുള്ള ഫയൽ വേറൊരു കേസ്സുസംബന്ധിച്ചിരിക്കുകയാണ്. അതുകൊണ്ട് വിവരങ്ങളും ശേഖരിച്ചുവരുന്നു എന്നാണ് മറുപടി പറയേണ്ടതു്. എന്നാൽ, എ-യ്ക്കും ബി-യ്ക്കും ഉണ്ട്, ഉണ്ട്, എന്നു മറുപടി പറയാൻ സാധിക്കും.

ശ്രീ. എൻ. രാജഗോപാലൻ നായർ : ഉണ്ട്, ഉണ്ട് എന്ന മറുപടിയെ സംബന്ധിച്ച് അതു വളരെ വേഗത്തിൽ നടപ്പിലാക്കാൻ ഗവണ്മെൻറ് നടപടി നടത്തുമോയെന്നു പറയുമോ ?

ശ്രീ. കെ. സി. ജോർജ്ജ് : എന്തു ചെയ്യണമെന്നു് തീരുമാനിച്ചുകഴിഞ്ഞാലെ ഇതിനെ സംബന്ധിച്ചുള്ള നടപടിയെടുക്കാൻ കഴിയൂ. ഏതായാലും ഒരു തീരുമാനമെടുക്കുവാനുള്ള നടപടികളും വളരെ വേഗത്തിൽ നടത്തുന്നതാണ്.

*Hard Board Factory.*

✻1398. [25] †**Shri K. Chandrasekharan** : Will the Minister for Industries be pleased to state :

(a) whether the Hard Board Factory proposed to be started at Baliapatam during the current year is one in the private sector or in the public sector ;

(b) is it a fact that this factory is proposed to be started by Shri A. K. Khader Kutty with the aid of Rs. 50 lakhs contribution from the Central Government ;

(c) is it a fact that the State Government have no shares and have not granted any loan to this factory ;

(d) is it a fact that this factory can employ only 180 workers for all the three shifts together ; and

(e) whether the honourable Minister on 18-4-1959 has stated on the floor of this House during this meeting (i) that Hard Board Factory by Government would be opened at Baliapatam during the current year, (ii) that the said factory would employ about thousand workers ; whether the said statements are correct ?

*Minister for Industries* (**Shri K. P. Gopalan**) :

(a) It is in the private sector.

(b) The factory is proposed to be started by Messrs. Western India Plywood Ltd., Baliapatam of which Shri A. K. Khader Kutty is the Managing Director. The Central Government does not seem to have contributed anything, but it is understood that the N. I. D. C. has advanced a loan of Rs. 30 lakhs.

† As the member was absent the question was put by Shri M. Narayana Kurup with the permission of the Chair.

LIBRARY ARCHIVES Kerala Legislative Assembly